'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അതിരപ്പള്ളി ഗ്രാമപഞ്ചായത്തിന് സമീപ ഗ്രാമപഞ്ചായത്തായ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 39.89 ശതമാനം കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.434/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2020

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.20-ലെ DB3/753/2012/CE/LSGD നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം 4.41.

## ഉത്തരവ്

ഭൂരിഭാഗവും വനത്താൽ ചുറ്റപ്പെട്ടതും 14 പട്ടികവർഗ്ഗ കോളനികൾ ഉൾപെടുന്നതുമായ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള കോസ്റ്റ് ഇൻഡക്സ്, സംസ്ഥാനത്തെ തന്നെ ഏറ്റവും കുറഞ്ഞ, തൃശ്ശൂർ ജില്ലയ്ക്കുള്ള 31.06% ആണെന്നും നിലവിൽ പഞ്ചായത്തിൽ നിർമ്മാണ സാധനസാമഗ്രികൾ എത്തിക്കുന്നത് സമീപത്തെ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ എറണാകുളം ജില്ലയിൽ നിന്നോ ആണെന്നും ഇതിനായി റോഡ് മാർഗ്ഗം മലക്കപ്പാറയ്ക്ക് 70 കി.മീ. ഉം അതിരപ്പള്ളി പ്രദേശത്തേക്ക് 35 കി.മീ. ഉം താണ്ടേണ്ടതുണ്ടെന്നും തോട്ടം തൊഴിലാളികളും പട്ടിക വർഗ്ഗ കോളനി നിവാസികളുമാണ് പ്രധാന അന്തേവാസികൾ എന്നതിനാൽ നിർമ്മാണ തൊഴിലാളികളെ പുറത്തു നിന്നും എത്തിക്കേണ്ടതുണ്ടെന്നും മേൽ കാരണങ്ങളാൽ പ്രൈസ് സോഫ്റ്റ്വെയറിൽ അനുവദിച്ചിട്ടുള്ള കോസ്റ്റ് ഇൻഡക്സിനെക്കാൾ ചെലവ് വരുന്നതിനാൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല എന്നും അതിനാൽ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ സുഗമമാക്കി നടത്തുന്നതിന് സമീപത്തെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 39.89% കോസ്റ്റ് ഇൻഡക്സ് അതിരപ്പള്ളി ഗ്രാമപഞ്ചായത്തിനും ബാധകമാക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുന്ന ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന സമീപ

ഗ്രാമപഞ്ചായത്തായ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 39.89 ശതമാനം കോസ്റ്റ് ഇൻഡക്സ് ബാധകമാക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

DB7

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ